# പരിസ്ഥിതി മിത്രം അവാർഡ് അമൃത വിശ്വവിദ്യാപീഠത്തിന്

കൊല്ലം: പരിസ്ഥിതി സംരക്ഷണ മേഖലയിലെ മികച്ച സംഭാവനകൾ നൽകുന്ന സ്ഥാപനങ്ങൾക്കായി കേരള സംസ്ഥാന സർക്കാരും പരിസ്ഥിതി കാലാവസ്ഥ വ്യതിയാന ഡയറക്ടറേറ്റും ഏർപ്പെടുത്തിയിട്ടുള്ള പരിസ്ഥിതി മിത്രം അവാർഡ് അമൃത വിശ്വവിദ്യാപീഠം അമൃതപുരി കാമ്പസിന്.

ഒരുലക്ഷം രൂപയും പ്രശസ്തി പത്രവും ഫലകവും ഉൾപ്പെടുന്നതാണ് പുരസ്കാരം. എൻവയോൺമെന്റൽ കൺസർവഷൻ ഇൻസ്റ്റിറ്റ്യൂഷൻ വിഭാഗത്തിൽ കാഴ്ചവച്ച മികച്ച പ്രകടനം കണക്കിലെടുത്താണ് പുരസ്കാരം. ലോക പരിസ്ഥിതി ദിനത്തിൽ തിരുവനന്തപുരത്തു നടന്ന ചടങ്ങിൽ മുഖ്യമന്ത്രിയിൽ നിന്ന് അമൃത വിശ്വവിദ്യാപീഠം അമൃതപുരി കാമ്പസ് ഡയറക്ടർ ദേവീദാസ ചൈതന്യ പുരസ്കാരം ഏറ്റുവാങ്ങി.

പരിസ്ഥിതി വകുപ്പ് സ്പെഷൽ സെക്രട്ടറി സീറാം സാംബശിവ റാവു, പരിസ്ഥിതി വകുപ്പ് ഡയറക്ടർ സുനിൽ പമിടി, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ചെയർപേഴ്സൺ എസ്. ശ്രീകല, അമൃത സ്കൂൾ ഓഫ് എഞ്ചിനീയറിങ് ഡീൻ ഡോ. ബാലകൃഷ്ണൻ ശങ്കർ, അസോസിയേറ്റ് ഡീൻ ഡോ.എസ്.എൻ. ജ്യോതി, അമൃത സസ്റ്റെയ്നബിൾ സോളിഡ് വേസ്റ്റ് മാനേജ്മെന്റ് സെന്റർ വിഭാഗം മേധാവി, രാഗേഷ്, വിഷ്ണു വിജയ്, എസ്. നിതിൻ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.